(ബി) എങ്കിൽ ചികിത്സയ്ക്കായി തിരുവനന്തപുരം RCC-യിൽ വന്നുപോകുന്നതിന്റെയും മറ്റും ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനായി ലക്ഷ്യമിട്ടുള്ള RCC-യുടെ സെൻറർ മലബാർ പ്രദേശത്ത് സ്ഥാപിക്കാനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(സി) പ്രസ്തുത സെൻറർ എപ്പോൾ പ്രവർത്തനസജ്ജമാകും എന്ന് കൂടി വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) മലബാർ മേഖലയിലെ ക്യാൻസർ രോഗികളുടെ ആവശ്യത്തിനായി തലശ്ശേരിയിൽ സംസ്ഥാന സർക്കാരിന്റെകീഴിൽ മലബാർ ക്യാൻസർ സെന്റർ പ്രവർത്തിക്കുന്നുണ്ട്. മാത്രമല്ല, കൊച്ചിയിൽ സമഗ്രമായ ഒരു ക്യാൻസർ സെന്റർ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

അമ്മയും കുഞ്ഞും പദ്ധതി

112 (2663) ശ്രീ. കെ. അച്ചുതൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്മയും കുഞ്ഞും പദ്ധതി എന്നു മുതൽ സംസ്ഥാനത്ത് ആരംഭിച്ചു ; പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

(ബി) പ്രസ്തുത പദ്ധതി ആരംഭിച്ചതു മുതൽ എത്രപേർ പദ്ധതിയുടെ ഗുണഭോക്താക്കളായി ;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു ?

ഉത്തരം

(എ) പ്രസ്തുത പദ്ധതി കേരളത്തിൽ 2012 ഓഗസ്റ്റ് മാസം മുതൽ നടപ്പിലാക്കി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വരുന്നുണ്ട്. ഭാരത സർക്കാർ അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യ സംരക്ഷണത്തിനായി രാജ്യത്ത് ഏർപ്പെടുത്തിയ സൗജന്യ ചികിത്സാ പദ്ധതിയാണ് ജനനി ശിശു സുരക്ഷാ കാര്യക്രം അഥവാ അമ്മയും കുഞ്ഞും പദ്ധതി. സർക്കാർ ആശുപത്രിയിൽ ചികിത്സ തേടുന്ന എല്ലാ ഗർഭിണികൾക്കും ഒരു വയസ്സുവരെ പ്രായമുള്ള കുട്ടികൾക്കും ആവശ്യമായ ചികിത്സാ ചെലവ്, ലാബ് പരിശോധന, രക്തം വേണ്ടിവരുന്ന സന്ദർഭങ്ങളിൽ സൗജന്യ രക്തം നൽകൽ, പ്രസവത്തിനായി വീട്ടിൽ നിന്നും ആശുപത്രിയിലേക്കും തിരിച്ചുമുള്ള സൗജന്യ യാത്രാസൗകര്യം, പ്രസവത്തിനായി ആശുപത്രിയിൽ കഴിയുന്ന സന്ദർഭങ്ങളിൽ സൗജന്യ ഭക്ഷണം എന്നിവ ഈ പദ്ധതിയുടെ ഭാഗമാണ്.

(ബി) ഇതുവരെ ലഭ്യമായ റിപ്പോർട്ട് അനുസരിച്ച് 411822 അമ്മമാർക്കും 54267 കുട്ടികൾക്കും പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭ്യമായിട്ടുണ്ട്.

(സി) ഈ പദ്ധതിയെക്കുറിച്ച് കൂടുതൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

എസ്.എ.ടി. ആശുപത്രിയിലെ ഒഴിവുകൾ

113 (2665) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിൽ ഡോക്ടർമാർ, നഴ്സുമാർ മറ്റ് ജീവനക്കാർ എന്നിവരുടെ ആകെ തസ്തികകൾ എത്ര വീതമാണെന്നും, അവ ഓരോന്നിലും ഇപ്പോൾ എത്ര ഒഴിവുകൾ വീതം ഉണ്ടെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഒഴിവുകൾ എന്നത്തേക്ക് നികത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) എസ്.എ.ടി. ആശുപത്രിയിൽ ഇപ്പോൾ നിലവിലുള്ള എത്ര ഒഴിവുകൾ പി.എസ്.സി.-ക്കു റിപ്പോർട്ട ചെയ്തിട്ടുണ്ട്, തസ്തികയും റിപ്പോർട്ട ചെയ്ത തീയതിയും ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരത്ത് എസ്.എ.ടി. ആശുപത്രിയിൽ നിലവിൽ